കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത്
# 2014-15, 2015-16 ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് കൊല്ലം ജില്ലാ
സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം
e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.- കെ.എൽ.എം-ഡി.ബി-518/17

കേരള സംസ്ഥാന ഓഡിറ്റ്,
ജില്ലാ കാര്യാലയം,

കൊല്ലം,
തീയതി -28/03/2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് സെക്രട്ടറി മുഖേന

ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം :ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് - 2014-15 & 2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15 & 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :</u>

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ,തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) അസിസ്റ്റൻറ് ഡെവലപ്പ്മെൻറ് കമ്മീഷണർ, കൊല്ലം.

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.ഡി.ബി.518/17 തീയതി- 28/03/2017

<u>കൊല്ലം ജില്ലയിലെ ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിന്റെ 2014-2015 & 2015-2016 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15 & 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 13-9-14 മുതൽ 15-2-17തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്.

ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി.മിനി.എ.എസ്<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന്<br>വിനിയോഗിച്ച സമയം | 16-2-17 മുതൽ<br>27-2-17 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ബിജി വർഗീസ് | ഓഡിറ്റ്<br>ഓഫീസർ |
| | ശ്രീ.ലാലു.ആർ | അസിസ്റ്റന്റ്<br>ഓഡിറ്റ്<br>ഓഫീസർ |
| | ശ്രീ.ഗോപകുമാർ.എസ്. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.ജമീലാബീവി.എം | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ബി.സെവന്തകുമാരി | 1-4-14 മുതൽ |

| | | |
|---|---|---|
| | | 31-10-15വരെ |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 1-11-15 മുതൽ<br>17-11-15 വരെ |
| | ശ്രീമതി.ഷെർളി ശ്രീകുമാർ | 18-11-15മുതൽ<br>31-03-16 വരെ |
| സെക്രട്ടറി | ശ്രീ.ഇ.അബ്ദുൾ സലാം | 1-4-14 മുതൽ<br>9-2-16വരെ |
| | ശ്രീ.അശ്വിനി കുമാർ | 10-2-16 മുതൽ<br>21-6-16 FNവരെ |
| | ശ്രീ.വിക്രമൻ ആശാരി | 21-6-16ANമുതൽ<br>28-7-16FNവരെ |
| | ശ്രീ.ആർ.അജയകുമാർ | 28-7-16AN മുതൽ<br>31-3-16 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | ഡോ.ഉത്സാഹ്.എച്ച് | 1-4-14 മുതൽ 9-7-14FNവരെ |
| | ഡോ.നീതു ജലീൽ | 9-7-14 AN മുതൽ<br>31-3-16 വരെ |
| ജനറൽ എക്സ്റ്റൻഷൻ | ശ്രീ.കെ.സുരേന്ദ്രൻ | 1-4-14 മുതൽ |

| | | |
|---|---|---|
| ഓഫീസർ | | 31-3-16 വരെ |
| പട്ടിക ജാതി വികസന ഓഫീസർ | ശ്രീ.ജോൺ മാത്യു | 1-4-14 മുതൽ 31-3-16 വരെ |
| ശിശുവികസന ഓഫീസർ,ഓച്ചിറ | ശ്രീമതി.ദിവ്യ.എൻ | 1-4-14 മുതൽ 20-7-14 വരെ |
| | ശ്രീമതി.ജെസി മാനറ്റ് | 21-7-14 മുതൽ 17-8-15FN വരെ |
| | ശ്രീമതി.പ്രിയദർശിനി | 17-8-15 AN മുതൽ 9-2-16 FN വരെ |
| | ശ്രീമതി.ഷിബില.ജെ | 9-2-16 AN മുതൽ 31-3-16 വരെ |
| ശിശുവികസന ഓഫീസർ,കരുനാഗപ്പള്ളി | ശ്രീമതി.നസീറാബീവി.ബി. | 1.4.2014 മുതൽ 31-3-16 വരെ |
| കൃഷി അസി.ഡയറക്ടർ,ഓച്ചിറ | ശ്രീ.ബിനീഷ്.വി.ആർ. (ഇൻചാർജ്) | 1.4.2014 മുതൽ 7.4.2014 FN വരെ |
| | ശ്രീമതി.സുജാത.ആർ | 7.4.2014 AN മുതൽ 17-9-14 FN വരെ |
| | ശ്രീമതി.ജയ | 17-9-14AN |

| | | |
|---|---|---|
| | (ഇൻചാർജ് ) | മുതൽ 15-10-14FN വരെ |
| | ശ്രീ.ബിനീഷ്.വി.ആർ. (ഇൻചാർജ് ) | 15-10-14 AN മുതൽ 3-1-15 FN വരെ |
| | ശ്രീമതി.ബി.ശ്രീകുമാരി | 3-1-15 AN മുതൽ 31-3-16 വരെ |
| സീനിയർ വെറ്ററിനറി സർജൻ | ഡോ.എം.എ.നാസർ | 1.4.2014 മുതൽ 15-10-15 FN വരെ |
| | ഡോ.ബീന | 15-10-15 AN മുതൽ 31-3-16 വരെ |
| വ്യവസായ വികസന ഓഫീസർ | ശ്രീ.ബിജു.സി | 1-4-14 മുതൽ 9-6-14 FN വരെ |
| | ശ്രീ.ധർമ്മരാജ് | 9-6-14 AN മുതൽ 30-9-14 വരെ |
| | ശ്രീമതി.ആശാറാണി | 1-10-14 മുതൽ 4-2-15 FN വരെ |
| | ശ്രീ.ജോഷ്വോ ബെനറ്റ് ജോൺ | 4-2-15AN മുതൽ 26-8-15 FN |

| | | |
|---|---|---|
| | | വരെ |
| | ശ്രീമതി.റോഷ്ന അലികുഞ്ഞ് | 26-8-15AN മുതൽ 31-3-16 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.ഷാജി.എം. | 1-4-14 മുതൽ 31-3-16 വരെ |
| അസി.എക്സി.എഞ്ചിനിയർ | ശ്രീ.എ.അബ്ദുൾ റഹിം | 1.4.2014 മുതൽ 18-6-15 FN വരെ |
| | ശ്രീമതി.സജിത | 18-6-15 AN മുതൽ 31-3-16 വരെ |

## ഉള്ളടക്കം

| ക്രമ നം. | ഭാഗം – 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |

| | | |
|---|---|---|
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം-2 | |
| 12 | വാടക കുടിശ്ശിക-54930 രൂപ ഈടാക്കിയിട്ടില്ല. | 2-1 |
| | ഭാഗം- 3 | |
| 13 | മരുന്ന് ലഭ്യമാക്കിയില്ല-954518/- രൂപ തടസ്സപ്പെടുത്തുന്നു | 3-1 |
| 14 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല-250000/- രൂപ തടസ്സപ്പെടുത്തുന്നു | 3-2 |
| 15 | ചലന വൈകല്യമുള്ളവർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വാങ്ങി നല്കൽ-തുക മുൻകൂർ നല്കിയിട്ടും വാഹനം സപ്ളൈ ചെയ്തില്ല.179400/- രൂപ തടസ്സപ്പെടുത്തുന്നു. | 3-3 |
| 16 | ഐ.എ.വൈ.-പണി പൂർത്തീകരിച്ചില്ല | 3-4 |
| 17 | ഗ്രന്ഥശാലകൾക്ക് അലമാരയും പ്രസംഗപീഠവും രേഖകൾ ഹാജരാക്കിയില്ല 70400/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 3-5 |

| | | |
|---|---|---|
| 18 | നെൽ കൃഷി വികസനം - ഓച്ചിറ, തഴവ പഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം - രേഖകൾ ഹാജരാക്കിയില്ല -4500 രൂപ തടസ്സപ്പെടുത്തുന്നു. | 3-6 |
| 19 | വനിതാ ഗ്രൂപ്പുകളുൾക്ക് മൽസ്യ സംസ്കരണ - വിപണന യൂണിറ്റ് പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-7 |
| 20 | വനിതാ ക്ഷീര കർഷകർക്ക് ഒരു പശുവിനെ കൂടി നൽകൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-8 |
| 21 | ബഹുവിള കൃഷി ജനറൽ ഗ്രൂപ്പുകൾക്ക് - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-9 |
| 22 | സമഗ്ര ക്ഷീരവികസനം - ക്ഷീര സംഘങ്ങൾ വഴി കാലിത്തീറ്റ വിതരണം - രേഖകൾ ഹാജരാക്കേണ്ടതാണ് | 3-10 |
| 23 | യു.പി.എസ് - എ.എം.സി സർവീസ് സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല 11797/- രൂപ തടസ്സപ്പെടുത്തുന്നു. | 3-11 |
| 24 | സമയപരിധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ലാത്ത മരാമത്ത് പ്രവൃത്തികൾ-പിഴ ഈടാക്കിയതിൽ കുറവ് നഷ്ടം -82238/- രൂപ | 3-12 |
| 25 | ഇ-ടെൻഡർ- ടെൻഡർ ഫോം വില എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്ന് തിരികെ ലഭ്യമാക്കിയിട്ടില്ല | 3-13 |
| 26 | സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതികൾ നടപ്പിലാക്കി. | 3-14 |

| | | |
|---|---|---|
| | ഭാഗം – 4 | |
| 27 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 28 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 30 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 31 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 32 | ഓഡിറ്റ് റിക്കവറി | 4-6 |
| 33 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 36 | ഓഡിറ്റ് സാക്ഷ്യപത്രം (2014-2015) | 4-10 |
| 37 | ഓഡിറ്റ് സാക്ഷ്യപത്രം (2015-2016) | 4-11 |


## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2014-15വർഷത്തെ ബജറ്റ് 18-2-14 തിയതിയിലെ I-ാം നമ്പർ തീരുമാനപ്രകാരവും 2015-16 വർഷത്തെ ബജറ്റ് 3-3-15 തിയതിയിലെ I-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ

ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

2014-2015

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-14 | 21-7-16 | - | - |

2015-2016

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-15 | 30-7-15 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2014-2015 | 8-12-15 | സാക്ഷ്യപത്രം 4-10 ൽ ചേർത്തിട്ടുണ്ട് |
| 2015-2016 | 22-2-16 | സാക്ഷ്യപത്രം 4-11-ൽ ചേർത്തിട്ടുണ്ട് |

വാർഷിക ധനകാര്യപത്രിക 2014-15 ന്യൂനതകൾ

1)ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2)വായ്പ/വായ്പാ തിരിച്ചടവ് കണക്കുകൾ ലോൺ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

വാർഷിക ധനകാര്യപത്രിക 2015-16-ന്യൂനതകൾ

1)ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2)വായ്പ/വായ്പാ തിരിച്ചടവ് കണക്കുകൾ ലോൺ രജിസ്റ്ററുമായി

പൊരുത്തപ്പെടുന്നില്ല.

## 1-4 സാമ്പത്തിക വിശകലനം

2014-15

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 59399382 |
| വരവ് | 115163040 |
| ആകെ | 174562422 |
| ചെലവ് | 110167434 |
| നീക്കിയിരിപ്പ് | 64394988 |

2015-2016

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 64394988 |
| വരവ് | 118621328 |
| ആകെ | 183016316 |
| ചെലവ് | 113143334 |
| നീക്കിയിരിപ്പ് | 69872982 |

## 1-5 ഫണ്ട് വിനിയോഗം

2014-15

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 86679 | 31422000 | 31508679 | 25998625 | 5510054 | 82.51 |
| വികസനഫണ്ട് എസ്.സി.പി. | 439268 | 9126000 | 9565268 | 6016573 | 3548695 | 62.9 |
| വികസനഫണ്ട് ടി.എസ്.പി. | - | 108000 | 108000 | 108000 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | - | - | - | - | - | - |
| സംരക്ഷണഗ്രാന്റ് | - | 5106730 | 5106730 | 3408544 | 1698186 | 66.75 |

| | | | | | | |
|---|---|---|---|---|---|---|
| നോൺറോഡ് | | | | | | |
| ബി ഫണ്ട് | - | 368438 | 368438 | 368438 | - | 100 |

2015-2016

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 5510054 | 29063840 | 34573894 | 34573894 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 3548695 | 8802549 | 12351244 | 12351244 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 108000 | 108000 | 108000 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | - | - | - | - | - |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1698186 | 2308702 | 4006888 | 4006888 | - | 100 |
| ബി ഫണ്ട് | 0 | 307645 | 307645 | 307645 | - | 100 |

## 1-6 പദ്ധതി അവലോകനം.

2014-15

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 86 | 24672015 | 69 | 13413217 | ഇല്ല. | 17 | 80 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1)സമഗ്ര നെൽകൃഷി വികസനം

2)നാടൻകലാകാരൻമാർക്ക് വാദ്യോപകരണങ്ങൾ വാങ്ങൽ-ധനസഹായം

3)പട്ടികജാതി യുവാക്കൾക്ക് തൊഴിൽ പരിശീലനം

4)പട്ടികജാതി യുവാക്കൾക്ക് വിദേശത്ത് തൊഴിൽ കണ്ടെത്തുന്നതിന്

ധനസഹായം

5)കാട്ടിക്കുളം പാട്ടത്തിൽ തെക്ക് റോഡിന് ഓടയും കവറിംഗ് സ്ളാബും നിർമാണം

6)മാരാരിത്തോട്ടം ആറാട്ടുചിറ ചാങ്ങറ പള്ളിക്കലാറ് വരെ ഓട നിർമാണം

7)ബ്ലോക്ക് പ്രദേശത്ത് വിവിധ കോളനികളിൽ സൗരോർജപാനൽ നിർമാണം

8)അങ്കണവാടി 75 കെട്ടിട നിർമാണം ആലപ്പാട്

9)ഇന്റോർ ഷട്ടിൽ കോർട്ട് നിർമാണം തഴവ

10)ഇന്റോർ ഷട്ടിൽ കോർട്ട് നിർമാണം ക്ലാപ്പന

11)ഭൂരഹിത പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം

<u>2015-2016</u>

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 74 | 59436374 | 69 | 52843366 | ഇല്ല. | 5 | 93 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

1)ഭൂരഹിതരായ വനിതകൾക്ക് വീട് വെയ്ക്കുന്നതിന് ധനസഹായം

2)ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം

3)പട്ടികജാതിയിൽപ്പെട്ട തൊഴിൽരഹിതരായ യുവജനങ്ങൾക്ക് ഓട്ടോറിക്ഷ വാങ്ങൽ

4) പട്ടികജാതിയിൽപ്പെട്ട നാടൻകലാകാരൻമാർക്ക് വാദ്യോപകരണങ്ങൾ വാങ്ങൽ

5)പട്ടികജാതിയിൽപ്പെട്ട ഭൂരഹിതർക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം

6)വനിതാഗ്രൂപ്പുകൾക്ക് തഴപ്പായ് നിർമാണ യൂണിറ്റ്

7)കണ്ണാടിയ്ക്കൽ കോളനി വാർഡ് XII തൊടിയൂർ ജല നിർഗമന മാർഗം

8)ചലനവൈകല്യമുള്ളവർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ-എസ്.സി.

## 1-7 തനത് വരുമാനം

2014-15

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ (നികുതിയേതര വരുമാനത്തിൽ) താഴെ പറയും പ്രകാരം 23.66 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | - | - | - | - |
| നികുതിയേതര വരവുകൾ | 865706 | 1070537 | 204831 | 23.66% |
| മറ്റുവരവുകൾ | ലഭ്യമല്ല. | 5073105 | -------- | |
| ആകെ | 865706 | 6143642 | 5277936 | |

2015-2016

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 40.11 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1070537 | 3211796 | 2141259 | |
| നികുതിയേതര | ----- | --------- | | |

| | | | | |
|---|---|---|---|---|
| വരവുകൾ | | | | |
| മറ്റുവരവുകൾ | 5073105 | 467474 | 14605631 | |
| ആകെ | 6143642 | 3679270 | -2464372 | (-)40.11 |

## 1-8 ക്ഷേമപദ്ധതികൾ

ഇല്ല.

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16-2-17ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7000/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

രജിസ്റ്ററുകൾ പരിപാലിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല. ബ്ളോക്ക് പഞ്ചായത്തിൽ ലഭ്യമാകുന്ന വിവിധ വരവുകൾ രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ആയതിന്റെ ഡി.സി.ബി.തയ്യാറാക്കി മേലധികാരികൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. വാടക ഇനത്തിൽ വർഷങ്ങളായി വൻ കുടിശ്ശിക ലഭ്യമാകാൻ ഉണ്ടായിരുന്നിട്ടും ആയതിന്റെ വിവരങ്ങൾ ഉൾപ്പെടുത്തി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15-4-16 | 2015-2016 | 10-11-16 |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22-4-16 | 2012-2013 മുതൽ 2015-2016 വരെ | 23-6-16 |

## ഭാഗം-2

### വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വാടക കുടിശ്ശിക-54930/- രൂപ ഈടാക്കിയിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള തൊടിയൂർ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ 617(1)-ാം നമ്പർ മുറി ശ്രീ.ഉണ്ണികൃഷ്ണൻ, പുത്തൻകോട്ടക്കൽ, ചിറയിൻകീഴ് എന്ന വ്യക്തിയ്ക്കും 517H, 616 എന്നീ മുറികൾ ശ്രീ. ഷിബുകുമാർ, ലക്ഷ്മി വിലാസം, കൊല്ലം എന്ന വ്യക്തിയ്ക്കും വാടകയ്ക്ക് നൽകിയിട്ടുള്ളതാണ്. എന്നാൽ 617(1)-ാം നമ്പർ റൂമിന്റെ 1/14 മുതൽ നാളിതുവരെയുള്ള വാടകയും 517H,616 എന്നീ റൂമുകളുടെ 7/15 മുതൽ നാളിതുവരെയുള്ള വാടകയും ഈടാക്കിയിട്ടില്ല. കൂടാതെ മറ്റ് മുറികളുടെ വാടക യഥാസമയം ഈടാക്കുകയോ തുക ഒടുക്കാൻ കാലതാമസം നേരിടുന്നവരിൽ നിന്ന് ആയതിന്റെ പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | വാടകയ്ക്കെടുത്ത വ്യക്തി | റൂം നമ്പർ | കുടിശ്ശിക കാലാവധി | കുടിശ്ശിക തുക | കുടിശ്ശിക (2013-2014) | കുടിശ്ശിക (2014-2015) | കുടിശ്ശിക (2015-2016) |
|---|---|---|---|---|---|---|---|
| 1 | ശ്രീ.ഉണ്ണികൃഷ്ണൻ, പുത്തൻ കോട്ടക്കൽ, ചിറയിൻകീഴ് | 617(1)-ാം | 1/14-12/14 | 13680 (12x1140) | 3420 (3x1140) | 14010 (4/14-3/15) | 15000 (4/15-3/16) |
| | | | 1/15-3/16 | 18750 (15x1250) | | | |
| 2 | ശ്രീ. ഷിബുകുമാർ, ലക്ഷ്മി വിലാസം, കൊല്ലം | 517H | 7/15-3/16 | 11250 (9x1250) | - | - | 11250 |
| 3 | ശ്രീ.ഷിബുകുമാർ, ലക്ഷ്മി വിലാസം, കൊല്ലം | 616 | 7/15-3/16 | 11250 (9x1250) | - | - | 11250 |
| ആകെ | | | | 54930 | 3420 | 14010 | 37500 |

ടി വ്യക്തികളിൽ നിന്ന് പിഴ സഹിതം കുടിശ്ശിക ഈടാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 മരുന്ന് ലഭ്യമാക്കിയില്ല-954518/- രൂപ തടസ്സപ്പെടുത്തുന്നു

മെഡിക്കൽ ഓഫീസർ (സിഎച്ച്സി) നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന മരുന്നു വാങ്ങൽ പ്രോജക്ടുകളിൽ തുക മുൻകൂറായി പിൻവലിച്ച് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് നല്കിയെങ്കിലും മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല.വിശദ വിവരം ചുവടെ ചേർക്കുന്നു.

1.ഓച്ചിറ സിഎച്ച്സിക്ക് മരുന്നു വാങ്ങൽ (23/15)

2014-15 വർഷം നടപ്പാക്കിയ പ്രോജക്ടിൽ റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും യഥാക്രമം 294933/-രൂപയും (ബിൽ നം.1/14-15/23.9.15, ഡിഡി നം.222728/23.9.14), 305067/-രൂപയും (ബിൽ നം .5/14-15/20.3.15,ഡിഡി നം .866896/23.3.15) (ആകെ 600000/-രൂപ) പിൻവലിച്ച് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് നല്കിയെങ്കിലും മരുന്ന് നാളിതു വരെ ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ ചെലവ് തുക 600000/- തടസ്സപ്പെടുത്തുന്നു.

2.ഓച്ചിറ സിഎച്ച്സിക്ക് മരുന്നു വാങ്ങൽ (പ്രോ.നം 29/16)

2015-16 വർഷം നടപ്പാക്കിയ പ്രോജക്ടിൽ റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും ബിൽ നം.1/15-16/22.2.16 പ്രകാരം 500000/- രൂപ പിൻവലിച്ച് ഡിഡി നം.453554/22.2.16 പ്രകാരം കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് നല്കിയെങ്കിലും 214421/- രൂപയുടെ (ഇൻവോയ്സ് നം .375/23.4.16 പ്രകാരം 178325/-, 1284/3.6.16 പ്രകാരം 36096/-)മരുന്നുകൾ മാത്രമാണ് ലഭ്യമാക്കിയത്. 285579/-രൂപയുടെ മരുന്നുകൾ ലഭ്യമാക്കാനുണ്ട്.ആയതിനാൽ 285579/-രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

3.ആലപ്പാട് സിഎച്ച്സിക്ക് മരുന്നു വാങ്ങൽ (പ്രോജക്ട് നം.73/16)

2015-16 വർഷം നടപ്പാക്കിയ ആലപ്പാട് സിഎച്ച്സിക്ക് മരുന്നു വാങ്ങൽ എന്ന പ്രോജക്ടിൽ റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും ബിൽ നം 2/15-16 /4.3.16 പ്രകാരം 300000/-രൂപ പിൻവലിച്ച് ഡി.ഡി.നം .453982/14.3.16 പ്രകാരം മുൻകൂറായി നല്കിയെങ്കിലും 231061/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമാക്കിയത്. 68939/- രൂപയുടെ മരുന്നുകൾ ഇനിയും ലഭ്യമാക്കാനുണ്ട്. ടി

തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

മേൽ അപാകതകൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം .10/25.2.17ന് മരുന്നുകൾ ലഭ്യമാകാത്തതിനാൽ മറുപടി നല്കിയിട്ടില്ല. 954518/-രൂപ(2014-15 -600000/-, 2015-16, 354518/-രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമായ വിവരം അറിയിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-2 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല-250000/- രൂപ തടസ്സപ്പെടുത്തുന്നു

സിഡിപിഒ, ഓച്ചിറ,നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ സാമൂഹിക സുരക്ഷാ മിഷന് വിഹിതം നല്കൽ (പ്രോജക്ട് നം.6/15) എന്ന പ്രോജക്ടിനായി വികസന ഫണ്ടിൽ നിന്നും 250000/-രൂപ ബിൽ നമ്പർ 2/14-15/26.9.14 പ്രകാരം പിൻവലിച്ച് ഡിഡി നം.222897/26.9.14 പ്രകാരം എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, തിരുവനന്തപുരത്തിന് നല്കി. എന്നാൽ ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് എൻക്വയറി 2/17.2.2017 പ്രകാരം ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക തടസപ്പെടുത്തുന്നു.വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസം ഒഴിവാക്കേണ്ടതാണ്.

## 3-3 ചലന വൈകല്യമുള്ളവർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വാങ്ങി നല്കൽ-തുക മുൻകൂർ നല്കിയിട്ടും വാഹനം സപ്ളൈ ചെയ്തില്ല.179400/- രൂപ തടസ്സപ്പെടുത്തുന്നു.

സി.ഡി.പി.ഒ ഓച്ചിറ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ ചലന വൈകല്യമുള്ളവർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വാങ്ങി നല്കൽ (പ്രോജക്ട്.നം.32/16) എന്ന പ്രോജക്ടിനായി വികസന ഫണ്ടിൽ നിന്നും 179400/- രൂപ പിൻവലിച്ച് വികലാംഗ ക്ഷേമ കോർപ്പറേഷന് നല്കിയെങ്കിലും നാളിതു വരെ സ്കൂട്ടർ ലഭ്യമാക്കാത്തതിനാൽ പദ്ധതി നടപ്പായിട്ടില്ല.

ജിഒ(എം എസ്) 362/2013 തസ്വഭവ 16.11.2013 മാർഗരേഖയിലെ അനുബന്ധം 16 ഖണ്ഡിക 5.6 പ്രകാരം ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള ഉപകരണങ്ങൾ വാങ്ങുന്ന പ്രോജക്ടിന് ഗ്രാമ ബ്ളോക്ക് ജില്ലാ പഞ്ചായത്തുകൾക്ക് സംയുക്തമായി തുക വകയിരുത്താവുന്നതാണെങ്കിലും പ്രോജക്ട് നിർവഹണം നടത്തേണ്ടത് ഗ്രാമ പഞ്ചായത്തായിരിക്കണം. ആയതിന് വിരുദ്ധമായി സിഡിപിഒ ,ഓച്ചിറ നിർവഹണ ഉദ്യോഗസ്ഥയായി ബ്ളോക്ക് പഞ്ചായത്ത്

നേരിട്ടാണ് പ്രോജക്ട് നടപ്പാക്കിയത്.

ഓച്ചിറ ബ്ളോക്കിന്റെ പരിധിയിൽ വരുന്ന ആലപ്പാട്, ക്ലാപ്പന , കുലശേഖരപുരം, ഓച്ചിറ, തഴവ, തൊടിയൂർ ഗ്രാമ പഞ്ചായത്തുകളിലെ വികലാംഗരായ വ്യക്തികളുടെ ജീവിത നിലവാരം ഉയർത്തുന്നതിനായി സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വാങ്ങി നല്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രോജക്ട് രൂപീകരിച്ചത്. 3-9-2015 ന് ഓച്ചിറ ബ്ലോക്കിൽ നടത്തിയ മെഡിക്കൽ ക്യാമ്പിലൂടെ പഞ്ചായത്തുകളുടെ ഗ്രാമ സഭാ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വ്യക്തികളുടെ അർഹത നിശ്ചയിക്കുകയും 26 ഗുണഭോക്താക്കളെ പദ്ധതിക്കായി തെരഞ്ഞെടുക്കുകയും ചെയ്തു. വികലാംഗ ക്ഷേമ കോർപ്പറേഷനിൽ നിന്ന് 11.01.2016 ൽ ലഭിച്ച പ്രൊഫോർമ ഇൻവോയ്സിൽ (നം.28/ബി3/2016) ഒരു മഹീന്ദ്ര 125cc സ്കൂട്ടറിന് 69000/- രൂപയാണ് ക്വാട്ട് ചെയ്തത്. പ്രസ്തുത ഇൻവോയ്സ് അനുസരിച്ച് ബിൽ നം .4/15-16/25.3.16 പ്രകാരം 1794000/- രൂപ വികസന ഫണ്ടിൽ നിന്ന് പിൻവലിച്ച് ഡിഡി നം.454454/28.3.16 പ്രകാരം വികലാംഗ ക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക് മുൻകൂറായി നല്കി. എന്നാൽ കരാർ വയ്ക്കാതെയാണ് തുക നല്കിയത്.നാളിതു വരെ സ്ഥാപനം സ്കൂട്ടർ സപ്ളൈ ചെയ്തിട്ടില്ല.ആയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം 2/17.2.2017 ന് സർക്കാർ സ്ഥാപനം എന്ന നിലയ്ക്കാണ് കരാർ വയ്ക്കാതെ മുൻകൂർ തുക നല്കിയതെന്നും വാഹനം ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ കൈ ക്കൊള്ളുന്നതാണെന്നും നിർവഹണ ഉദ്യോഗസ്ഥ മറുപടി നല്കിയിട്ടുണ്ട്. വാഹനം നാളിതു വരെ ലഭ്യമാക്കാത്തതിനാൽ ചെലവു തുക 1794000/- ഓഡിറ്റിൽ തടസപ്പെടുത്തുന്നു. വാഹനം ലഭ്യമായ വിവരം അറിയിച്ച് ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്.

## 3-4 ഐ.എ.വൈ.-പണി പൂർത്തീകരിച്ചില്ല

ഐ.എ.വൈ-ഗുണഭോക്താക്കൾ തുക കൈപറ്റിയെങ്കിലും പണി പൂർത്തീകരിച്ചിട്ടില്ല.

താഴെ പറയുന്ന ഗുണഭോക്താക്കൾ ഭവനനിർമാണത്തിനായി ഐഎവൈ പ്രോജക്ടിൽ നിന്ന് തുക വിവിധ ഗഡുക്കളായി കൈപറ്റിയെങ്കിലും പണി പൂർത്തീകരിച്ച് അവസാന ഗഡു കൈപറ്റിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ | പഞ്ചായത്ത് | പേര് | എഗ്രിമെൻറ് വച്ച വർഷം | കൈപ്പറ്റിയ തുക |
|---|---|---|---|---|

| നം. | | | | |
|---|---|---|---|---|
| 1 | കുലശേഖരപുരം | രാധ, പുത്തൻ കണ്ടത്തിൽ | 2012-13 | 67243 |
| 2 | കുലശേഖരപുരം | സുധർമ്മ രാജൻ, തനിക്ക, മീനത്തത്തിൽ | 2012-13 | 30000 |
| 3 | ഓച്ചിറ | ജമീല, പടീറ്റീയത്ത് | 2011-12 | 101500 |
| 4 | തഴവ | ശോഭ, ചോതിവിള വടക്ക് | 2011-12 | 65750 |
| 5 | തൊടിയൂർ | രാധാമണി, ശശിധരൻ, പുതുശ്ശേരി വടക്ക് | 2011-12 | 30000 |
| 6 | തൊടിയൂർ | വസന്ത, നരീഞ്ജി കോളനി | 2012-13 | 96250 |
| 7 | തൊടിയൂർ | സുകുമാരി, കലാഭവനം | 2012-13 | 65000 |
| 8 | ക്ലാപ്പന | ഗംഗ, വള്ളാറ്റൂർ | 2013-14 | 110000 |
| 9 | കുലശേഖരപുരം | സരസമ്മ, സനൽ ഭവനം | 2013-14 | 65000 |
| 10 | തഴവ | സജിത പ്രിയദർശിനി | 2013-14 | 145000 |
| 11 | തഴവ | ബിന്ദു, അശോക ഭവനം | 2013-14 | 185000 |
| 12 | തഴവ | ശ്രീജ, പാറയ്ക്കൽ | 2013-14 | 30000 |
| 13 | തഴവ | ഓമന, വലിയ പറമ്പിൽ | 2013-14 | 110000 |
| 14 | തൊടിയൂർ | രാഗിണി, മുടീത്തര കിഴക്ക | 2013-14 | 65000 |

| | | | | |
|---|---|---|---|---|
| 15 | തൊടിയൂർ | മണി, വലിയതറ കിഴക്ക് | 2013-14 | 154600 |
| 16 | തൊടിയൂർ | മണി, എസ്.എസ്. ഭവനം | 2013-14 | 145382 |
| 17 | കുലശേഖരപുരം | വനജ, നെടുംതറ കിഴക്ക് | 2014-15 | 30000 |
| 18 | ഓച്ചിറ | ഇന്ദു ആനയടി കിഴക്ക് | 2014-15 | 14550 |
| 19 | തഴവ | സജിത പുത്തൻ പുരയിൽ | 2014-15 | 30000 |
| 20 | തഴവ | ഭാരതി, ഭാരതി ഭവനം | 2014-15 | 30000 |
| 21 | തൊടിയൂർ | ജയലക്ഷ്മി, ദിവ്യാലയം | 2014-15 | 145000 |
| 22 | തൊടിയൂർ | സ്മിത, രേവതി ഹൌസ് | 2014-15 | 37500 |
| 23 | തൊടിയൂർ | അമ്മിണി, കളരിയിൽ വടക്ക് | 2014-15 | 65000 |
| 24 | തൊടിയൂർ | കൃഷ്ണ കുമാരി, കഞ്രൂർ പാടം | 2014-15 | 65000 |
| 25 | തൊടിയൂർ | സരസ്വതി, മുല്ലപ്പള്ളി പടീറ്റതിൽ | 2014-15 | 30000 |
| 26 | ആലപ്പാട് | സരസ്വതി, ഇരുമ്പ് കടയിൽ | 2015-16 | 49500 |
| 27 | ആലപ്പാട് | രശ്മി, കോട്ടയ്ക്കൽ | 2015-16 | 49500 |
| 28 | ക്ലാപ്പന | സരസ്വതി, പുത്തൻ പുരയിൽ | 2015-16 | 80000 |
| 29 | കുലശേഖരപുരം | വാസന്തി, ഇക്കര | 2015-16 | 59500 |

| | | | | |
|---|---|---|---|---|
| | | തെക്കതിൽ | | |
| 30 | കുലശേഖരപുരം | സംഗീത, കോലയത്ത് പടീറ്റതിൽ | 2015-16 | 97500 |
| 31 | കുലശേഖരപുരം | വൽസല, തണ്ടൻറയത്ത് കിഴക്ക് | 2015-16 | 32000 |
| 32 | ഓച്ചിറ | സുഭദ്ര കോക്കാട്ട് | 2015-16 | 97500 |
| 33 | ഓച്ചിറ | ദേവകി, പുത്തൻ തറയിൽ | 2015-16 | 97500 |
| 34 | ഓച്ചിറ | ചെല്ലമ്മ, ചെലിവയലിൽ | 2015-16 | 80000 |
| 35 | ഓച്ചിറ | വിഷ്ണുപ്രിയ, ചൈതന്യം | 2015-16 | 49500 |
| 36 | തഴവ | ബീന രാജു, രാജു മന്ദിരം | 2015-16 | 97500 |
| 37 | തഴവ | മേരി, കുറ്റിയിലയറ്റത്ത് | 2015-16 | 97500 |
| 38 | തഴവ | കുമാരി, വലിയത്ത് തെക്കതിൽ | 2015-16 | 97500 |
| 39 | തഴവ | അമ്പിക, അമ്പിക ഭവനം | 2015-16 | 17500 |
| 40 | തഴവ | ജഗത, പ്ലാവിള കിഴക്കതിൽ | 2015-16 | 97500 |
| 41 | തഴവ | സുശീല, റൂബി മൻസിൽ | 2015-16 | 32000 |
| 42 | തൊടിയൂർ | അജിത കുമാരി, സന്ദീപ് ഭവനം | 2015-16 | 49500 |
| 43 | തൊടിയൂർ | സുശീല, കൊച്ചു | 2015-16 | 107500 |

| | | | | |
|---|---|---|---|---|
| | | വീട്ടിൽ | | |
| 44 | തൊടിയൂർ | ബിനി, പാർവ്വതി ഭവനം | 2015-16 | 17500 |
| 45 | തൊടിയൂർ | ബിജി, ശ്രീശൈലം | 2015-16 | 32000 |
| 46 | തൊടിയൂർ | ലളിത, പുതുശ്ശേരിക്കോട്ടിൽ | 2015-16 | 107500 |
| 47 | തൊടിയൂർ | വിജയമ്മ, വള്ളാറ്റൂർ വടക്കതിൽ | 2015-16 | 97500 |
| 48 | തൊടിയൂർ | സുമതി, കുലഞ്ഞി പുരയ്ക്കൽ തറയിൽ | 2015-16 | 8000 |
| 49 | തൊടിയൂർ | ശ്യാമള, മീനത്തേരിൽ | 2015-16 | 97500 |
| 50 | തൊടിയൂർ | വൽസല, കൊച്ചു തറയിൽ | 2015-16 | 80000 |
| 51 | തൊടിയൂർ | വസന്ത, രാഹുൽ ഭവനം | 2015-16 | 32000 |
| 52 | തൊടിയൂർ | മഞ്ജു, മാമ്പുഴേത്ത്, ഇടപ്പുര | 2015-16 | 97500 |
| 53 | തൊടിയൂർ | ശ്രീജ, പുത്തൻപുര | 2015-16 | 97500 |
| 54 | തൊടിയൂർ | ശ്രീലേഖ, നരീഞ്ജി കോളനി | 2015-16 | 97500 |
| 55 | തൊടിയൂർ | അർച്ചന, ശിവപ്രസാദം | 2015-16 | 49500 |

മേൽ ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.അല്ലാത്ത പക്ഷം തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

**3-5** ഗ്രന്ഥശാലകൾക്ക് അലമാരയും പ്രസംഗപീഠവും രേഖകൾ ഹാജരാക്കിയില്ല **70400/-** രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ജനറൽ എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 95/15 പ്രകാരം നടപ്പിലാക്കിയ 'ഗ്രന്ഥശാലകൾക്ക് അലമാരയും പ്രസംഗ പീഠവും' എന്ന പദ്ധതി പ്രകാരം 656589/-(വികസന ഫണ്ട്)രൂപ ചെലവിൽ (ഡി.ഡി.നം.867477/24.06.15) 60 അലമാരകളും 14 പ്രസംഗപീഠവും കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപറേഷനിൽ നിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. കേരള ലൈബ്രറി കൗൺസിലിൽ അംഗീകാരമുള്ളതും ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്നതുമായ ഗ്രന്ഥ ശാലകൾക്കാണ് പ്രസ്തുത ആനുകൂല്യം വിതരണം ചെയ്യുവാൻ പ്രോജെക്ടിൽ വിഭാവനം ചെയ്തിരുന്നത്. ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ 56 അലമാരകളും 11പ്രസംഗ പീഠവും വിതരണം മാത്രമേ ചെയ്തിട്ടുള്ളൂ. മേൽ അപാകതകൾ സംബന്ധിച്ച് 18/02/2017ൽ നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 03ന് രേഖകൾ കിട്ടുന്ന മുറക്ക് ഹാജരാക്കാമെന്ന മറുപടിയാണ് ലഭിച്ചത്. ആയതിനാൽവിതരണം ചെയ്യാത്ത 4 അലമാരയുടെയും 3 പ്രസംഗ പീഠത്തിന്റെയും വിലയായ 70400/- (8200x4+12000x3) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു . രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. മാത്രമല്ല വായനശാലകളുടേയും ഗ്രന്ഥശാലകളുടേയും നടത്തിപ്പും പ്രോൽസാഹനവും ഗ്രാമ പഞ്ചായത്തുകളുടെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽപെടുന്നതാണ്.

**3-6** നെൽ കൃഷി വികസനം - ഓച്ചിറ പഞ്ചായത്തിന് ബ്ലോക്ക് വിഹിതം - രേഖകൾ ഹാജരാക്കിയില്ല **-4500/-** രൂപ തടസ്സപ്പെടുത്തുന്നു

കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രസ്തുത പദ്ധതി പ്രകാരം 2014 - 2015 സാമ്പത്തിക വർഷം ഓച്ചിറ ഗ്രാമ പഞ്ചായത്തിന് സമഗ്ര നെൽ കൃഷി വികസനത്തിനായി 4500 രൂപ (ബിൽ നം 02 / 14 - 15 / 12 . 02 .15) നൽകിയിട്ടുണ്ട് . എന്നാൽ പ്രസ്തുത തുകയുടെ വിനിയോഗ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല .മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 10 / 25 / 02 / 17) മറുപടി ഹാജരാക്കിയില്ല . ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 4500/- രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗ രേഖകൾ ഹാജരാക്കി തടസം ഒഴിവാക്കേണ്ടതാണ്

**3-7** വനിതാ ഗ്രൂപ്പുകൾക്ക് മൽസ്യ സംസ്കരണ - വിപണന യൂണിറ്റ് പദ്ധതി നടത്തിപ്പിലെ അപാകതകൾ **- 300000/-** രൂപ തടസ്സപ്പെട്ടുത്തുന്നു.

ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നെൽകൃഷി വികസനം – ഓച്ചിറ, തഴവ ഗ്രാമ പഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം എന്ന പ്രൊജക്ട് (നമ്പർ 11/ 15) പ്രകാരം നടപ്പിലാക്കിയ പ്രസ്തുത പദ്ധതി മൽസ്യ സംസ്കരണം മേഖലകളിൽ പ്രവൃത്തിക്കുന്ന വനിതാ സ്വയം സഹായ ഗ്രൂപ്പുകൾക്ക് ബന്ധപ്പെട്ട മേഖലകളിൽ ബാങ്കുകളുടെ ധന സഹായത്തോടുകൂടി സ്വയം തൊഴിൽ സംരഭങ്ങൾ തുടങ്ങുതിനു സാമ്പത്തിക സഹായം നൽകുവാനാണ് വിഭാവനം ചെയ്തിരുന്നത്. പദ്ധതിക്കായി തിരഞ്ഞെടുക്കുന്ന വനിതാ സ്വയം സഹായ സംഘങ്ങൾക്ക് 50000/- രൂപ സബ്സിഡി ഉൾപ്പെടെ ഒരു ലക്ഷം രൂപ ബാങ്ക് വായ്പ ലഭ്യമാക്കുക വഴി ഗ്രൂപ്പുകൾക്ക് ഉപജീവന മാർഗവും പദ്ധതി ലക്ഷ്യമിട്ടിരുന്നു. പദ്ധതി പ്രകാരം താഴെ പറയുന്ന വനിതാ സ്വയം സഹായ സംഘങ്ങൾക്ക് 300000/- രൂപ (വികസന ഫണ്ട്) വിതരണം ചെയ്തിട്ടുണ്ട്

| സംഘത്തിന്റെ പേര് | തുക നൽകിയതിന്റെ വിശദാംശം |
|---|---|
| അക്ഷയ വനിതാ സ്വയം സഹായ സംഘം, അഴീക്കൽ | 50000/- ഡി ഡി നം. 870259 /08.05.2015 |
| ഓംശക്തി വനിതാ സ്വയം സഹായ സംഘം ആലപ്പാട് | 50000/- ഡി ഡി നം. 870256/08.05.2015 |
| വിജയദശമിവനിതാ സ്വയംസഹായ സംഘ,അഴീക്കൽ | 50000/-ഡി ഡി നം. 870258/08.05.2015 |
| മിത്രാ വനിതാ സ്വയം സഹായ സംഘം, വെള്ളനാതുരുത്ത് | 50000/-ഡി ഡി നം. 870257/08.05.2015 |
| നാരായണീയം വനിതാ സ്വയം സഹായ സംഘം , പണ്ടാരത്തുരുത്ത് | 50000/-ഡി ഡി നം. 870255/08.05.2015 |

| | |
|---|---|
| | |
| വിനായക വനിതാ സ്വയം സഹായ സംഘം,വെള്ളനാതുരുത്ത് | 50000/-ഡി ഡി നം. 870260/08.05.2015 |
| ആകെ | 300000/-രൂപ |

<u>മേൽ പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു</u>

1. വായ്പാ ബന്ധിത പ്രോജക്ടുകൾക്ക് സബ്സിഡി തുക ബാങ്കിലാണ് അടയ്ക്കേണ്ടത്. എന്നാൽ മേൽ വിവരിച്ച സ്വയം സഹായ സംഘങ്ങൾക്ക് സബ്സിഡി നേരിട്ടാണ് നൽകിയിരിക്കുന്നത്.

2.ബാങ്ക് ലോൺ അനുവദിച്ചത് സംബന്ധിച്ച രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/ 22 /02/17) മറുപടിയായി സബ്സിഡി തുക ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുകയല്ല ചെയ്തതെന്നും, പ്രസ്തുത തുക സസ്പെൻസ് അക്കൗണ്ടിൽ സൂക്ഷിക്കണമെന്ന് അറിയിച്ചുകൊണ്ട് ബാങ്ക് മാനേജർക്ക് കത്ത് നല്കിയിട്ടുണ്ടായിരുന്നെന്നും മാത്രമല്ല സബ്സിഡി ബാക്ക് എൻഡ് ആയി തന്നെ നൽകുവാൻ വേണ്ടതായ നടപടി സ്വീകരിച്ചതായും അറിയിച്ചിട്ടുണ്ട്. എന്നാൽ ഗ്രൂപ്പുകൾക്ക് ബാങ്കുകൾ ലോൺ അനുവദിച്ചത് സംബന്ധമായ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഭാവിയിൽ ഇത്തരത്തിലുള്ള പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുമ്പോൾ രേഖകൾ സൂക്ഷിച്ച് വയ്ക്കുവാൻ വേണ്ടത്ര ശ്രദ്ധ കാണിക്കേണ്ടതാണ്. മേൽ അപാകതകൾ 300000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-8 <u>വനിതാ ക്ഷീര കർഷകർക്ക് ഒരു പശുവിനെ കൂടി നൽകൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ</u> **- 1035000/-** <u>രൂപ തടസ്സപ്പെടുത്തുന്നു.</u>

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി 2015 - 2016 സാമ്പത്തിക വർഷം നടപ്പിലാക്കിയ 'വനിതാ ക്ഷീര കർഷകർക്ക് ഒരു പശുവിനെ കൂടി നൽകൽ' എന്ന പദ്ധതി പ്രകാരം ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ നിലവിൽ പശുവിനെ വളർത്തുന്ന 69 വനിതാ ക്ഷീര കർഷകർക്ക് ഒരു പശുവിനെ കൂടി വാങ്ങുവാൻ സഹായം നൽകുവാനാണ് ലക്ഷ്യമിട്ടിരുന്നത്.

പ്രസ്തുത പദ്ധതി പ്രകാരം 50000 രൂപ ബാങ്ക് ലോൺ അനുവദിക്കുന്ന മുറക്ക് സബ്സിഡി തുകയായ 15000 രൂപ വിവിധ ബാങ്കുകളിലും /സഹകരണ സംഘങ്ങളിലും നിക്ഷേപിക്കുവാൻ പദ്ധതി വിഭാവനം ചെയ്യുന്നു .പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ടു താഴെ പറയുന്ന ബില്ലുകൾ പ്രകാരം 1035000/- രൂപ (വികസന ഫണ്ട്) പിൻവലിച്ചിട്ടുണ്ട് .

| ബിൽ നം / തിയതി | തുക |
|---|---|
| 03/15-16/15.02.16 | 270000 |
| 04/15-16/27.02.16 | 225000 |
| 05/15-16/21.03.16 | 90000 |
| 08/15-16/21.03.16 | 360000 |
| 09/15-16/23.03.16 | 45000 |
| 10/15-16/30.03.16 | 45000 |
| ആകെ | 1035000 |

പ്രസ്തുത ബില്ലുകൾ പ്രകാരം മാറിയ മാറിയ തുകകൾ 69 ക്ഷീര കർഷകർക്കായി താഴെ പറയുന്ന ബാങ്കുകളിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട് .

| ബാങ്കിന്റെ പേര് | ക്രെഡിറ്റ് ചെയ്ത തുക |
|---|---|
| സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ , കരുനാഗപ്പള്ളി | 165000 |
| ബാങ്ക് ഓഫ് ഇന്ത്യ ,ഓച്ചിറ | 60000 |
| കാത്തോലിക് സിറിയൻ ബാങ്ക് , പുതിയകാവ് | 45000 |
| ഫെഡറൽ ബാങ്ക് , വള്ളിക്കാവ് | 45000 |
| ഇന്ത്യൻബാങ്ക് , വവ്വാക്കാവ് | 90000 |
| കോർപറേഷൻ ബാങ്ക് , ആലപ്പാട് | 75000 |
| എസ് . ബി . ടി ,ഓച്ചിറ | 60000 |

| | |
|---|---|
| സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക് , ക്ലാപ്പന | 105000 |
| ഓച്ചിറ ബ്ലോക്ക് ഹൗസിങ് കോ ഓപ്പറേറ്റീവ് ബാങ്ക് | 15000 |
| സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക് , കുലശേഖരപുരം | 30000 |
| എസ് . ബി . ടി , ക്ലാപ്പന | 30000 |
| കോർപറേഷൻ ബാങ്ക് , ചെറിയഴീക്കൽ | 30000 |
| കാനറാ ബാങ്ക് , തഴവ | 225000 |
| ഫെഡറൽ ബാങ്ക് ,ഓച്ചിറ | 15000 |
| ഫെഡറൽ ബാങ്ക് , തൊടിയൂർ | 15000 |
| സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക് , പുതിയകാവ് | 15000 |
| സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക് , ഓച്ചിറ | 15000 |
| ആകെ | 1035000 |

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു .

1. ബാങ്കുകൾ ലോൺ അനുവദിച്ചത് സംബന്ധമായ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല .

2. ജി ഓ (എം എസ്) 362 / 13 / ത സ്വ ഭ വ / തീ. 16/ 11/ 13 പ്രകാരം ഉരുക്കളെ ആരുടെ പക്കൽ നിന്നാണോ വാങ്ങുന്നത് അവരുടെ പേരിൽ തുക ഡി ഡി / ചെക്ക് നൽകണം .എന്നാൽ ഗുണഭോക്താവ് നേരിട്ട് പശുവിന്റെ വില ഉടമസ്ഥന് നല്കിയതായിട്ടാണ് കാണുന്നത് .

മേൽ അപാകതകൾക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (04 / 16 .02 .17 ) മറുപടിയായി ഗുണഭോക്താക്കൾക്ക് ലോൺ അനുവദിക്കുന്നതിന് ബാങ്ക് സന്നദ്ധമാണെന്ന ബാങ്ക് അധികാരികളുടെ കത്ത് ലഭിച്ച ശേഷമാണ് സബ്സിഡി തുക അക്കൗണ്ടിലേക്കു നിക്ഷേപിച്ചതെന്നും പ്രസ്തുത പദ്ധതി പ്രകാരം ലോൺ അനുവദിച്ച ബാങ്കുകളുമായി ബന്ധപ്പെട്ടു ഒരു സ്റ്റാറ്റസ് റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് . ഭാവിയിൽ ഇത്തരത്തിലുള്ള പദ്ധതികൾ ഏറ്റെടുത്തു നടപ്പിലാക്കുമ്പോൾ രേഖകൾ സൂക്ഷിച്ചു വയ്ക്കുവാൻ വേണ്ടത്ര ശ്രദ്ധ കാണിക്കേണ്ടതാണ്.

## 3-9 ബഹുവിള കൃഷി ജനറൽ ഗ്രൂപ്പകൾക്ക് - പദ്ധതി നടത്തിപ്പിലെ അപാകതകൾ

കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവഹണ ഉദ്യോഗസ്ഥനായി പ്രൊജക്റ്റ് നമ്പർ 12/15 പ്രകാരം നടപ്പിലാക്കിയ പ്രസ്തുത പദ്ധതി കൃഷിയിൽ താല്പര്യമുള്ള ജനറൽ ഗ്രൂപ്പകൾക്ക് കൃഷിക്ക് അനുകൂല സാഹചര്യം സൃഷ്ടിച്ച ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുവാൻ വിഭാവനം ചെയ്യുന്നു. പദ്ധതി പ്രകാരം നടീൽ വസ്തുക്കൾ 75% സബ്സിഡി നിരക്കിൽ കുടുംബശ്രീ യൂണിറ്റുകൾക്ക് വിതരണം ചെയ്യുവാനാണ് ഉദ്ദേശിച്ചിരുന്നത്. മേൽ പദ്ധതിയുമായി ബന്ധപ്പെട്ടു ബിൽ നം. 04/14-15/ 23.03.15 പ്രകാരം 218400/- (പ്ലാൻ) രൂപ താഴെ പറയുന്ന കുടുംബശ്രീ യൂണിറ്റുകൾക്ക് നടീൽ വസ്തുക്കൾ വിതരണം ചെയ്യുവാനായി ചെലവഴിച്ചിട്ടുണ്ട് .

1. സായൂജ്യം കുടുംബശ്രീ
2. സംഗമം കുടുംബശ്രീ
3. ധന ശ്രീ കുടുംബശ്രീ
4. മാതൃക കുടുംബശ്രീ
5. അമല കുടുംബശ്രീ
6. അംബേദ്ക്കർ കുടുംബശ്രീ
7. നിവേദിത കുടുംബശ്രീ
8. പൗർണമി കുടുംബശ്രീ
9. ശ്രീ ദീപം കുടുംബശ്രീ
10. നവ ചേതന കുടുംബശ്രീ
11. യവനിക കുടുംബശ്രീ
12. കാരുണ്യ കുടുംബശ്രീ
13. അംഗന കുടുംബശ്രീ
14. ആരാമം കുടുംബശ്രീ

ജി.ഒ(പി) 220 / 97 ത സ്വ ഭ വ തീയതി 02.10.97 ഗുണഭോക്തൃ തെരഞ്ഞെടുപ്പ് മാർഗ്ഗ രേഖ പ്രകാരം പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ സംഗതിയിൽ അടിസ്ഥാനപരമായി ഗ്രാമസഭയാണ് ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടത്തേണ്ടത്. അതാതു ഗ്രാമപഞ്ചായത്തുകൾ ഗ്രാമസഭ വഴി തെരെഞ്ഞെടുപ്പ് പ്രക്രിയ നടത്തി

തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ പട്ടിക അംഗീകാരത്തിനായി ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് നൽകണം .എന്നാൽ പ്രസ്തുത ആനുകൂല്യ വിതരണത്തിനായി ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരിക്കുന്നത് പത്രപരസ്യം വഴിയാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 10 / 25 / 02 / 17) മറുപടി ഹാജരാക്കിയില്ല. മേൽ അപാകതക്ക് വിശദീകരണം ഹാജരാക്കേണ്ടതാണ്.

## 3-10 സമഗ്ര ക്ഷീരവികസനം - ക്ഷീര സംഘങ്ങൾ വഴി കാലിത്തീറ്റ വിതരണം - രേഖകൾ ഹാജരാക്കേണ്ടതാണ്

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി 2015 - 2016 സാമ്പത്തിക വർഷം നടപ്പിലാക്കിയ 'സമഗ്ര ക്ഷീരവികസനം - ക്ഷീര സംഘങ്ങൾ വഴി കാലിത്തീറ്റ വിതരണം' (പ്രൊജക്റ്റ് നം 35 / 16 ) എന്ന പദ്ധതി പ്രകാരം ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ക്ഷീര സഹകരണ സംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീര കർഷകർക്ക് അവർ അളക്കുന്ന ഒരു ലിറ്റർ പാലിന് 2 രൂപ നിരക്കിൽ പരമാവധി 10000 രൂപ വിതരണം ചെയ്യുവാൻ പദ്ധതി വിഭാവനം ചെയ്യുന്നു. മേൽ പദ്ധതി പ്രകാരം താഴെ പറയുന്ന ബില്ലുകൾ പ്രകാരം 1972351/- രൂപ വിവിധ ക്ഷീര സംഘങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്

| ബിൽ നം / തീയതി | തുക |
|---|---|
| 01/15-16/30.01.16 | 985390 |
| 02/15-16/21.02.16 | 212596 |
| 06/15-16/21.03.16 | 696668 |
| 07/15-16/21.03.16 | 77697 |

എന്നാൽ ആനുകൂല്യം കൈപ്പറ്റിയ സഹകരണ സംഘങ്ങൾ ക്ഷീര കർഷകർക്ക് കാലിത്തീറ്റ വിതരണം ചെയ്തതായ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| സംഘത്തിന്റെ പേര് | കൈപ്പറ്റിയ സബ്സിഡി തുക |
|---|---|
| പാവുമ്പ ക്ഷീരോത്പ്പാദക സഹകരണ | 80627 |

| | |
|---|---|
| സംഘം | |
| മണപ്പള്ളി ക്ഷീരോത്പ്പാദക സഹകരണ സംഘം | 36651 |
| തഴവ സെൻട്രൽ ക്ഷീരോത്പ്പാദക സഹകരണ സംഘം | 49711 |
| ഓച്ചിറ ക്ഷീരോത്പ്പാദക സഹകരണ സംഘം | 458299 |
| ആദിനാട് ക്ഷീരോത്പ്പാദക സഹകരണ സംഘം | 148454 |
| കാട്ടിൽകടവ് ക്ഷീരോത്പ്പാദക സഹകരണ സംഘം | 12170 |
| മാരാരിത്തോട്ടം ക്ഷീരോത്പ്പാദക സഹകരണ സംഘം | 38788 |
| കുലശേഖരപുരം ക്ഷീരോത്പ്പാദക സഹകരണ സംഘം | 52150 |
| ക്ലാപ്പന പെരുനാട് ക്ഷീരോത്പ്പാദക സഹകരണ സംഘം | 11522 |
| തഴവ ക്ഷീരോത്പ്പാദക സഹകരണ സംഘം | 11624 |
| കുറുങ്ങപ്പള്ളി ക്ഷീരോത്പ്പാദക സഹകരണ | 13484 |

| | |
|---|---|
| സംഘം | |
| കടത്തൂർ ക്ഷീരോത്പ്പാദക സഹകരണ സംഘം | 32268 |
| ക്ലാപ്പന ക്ഷീരോത്പ്പാദക സഹകരണ സംഘം | 48088 |
| കുറ്റിപ്പുറം ക്ഷീരോത്പ്പാദക സഹകരണ സംഘം | 51258 |
| പുന്നക്കുളം ക്ഷീരോത്പ്പാദക സഹകരണ സംഘം | 139898 |
| പ്രയാർ തെക്ക് ക്ഷീരോത്പ്പാദക സഹകരണ സംഘം | 7770 |
| മുഴങ്ങോടി ക്ഷീരോത്പ്പാദക സഹകരണ സംഘം | 4432 |
| മഠത്തിൽ കാരാഴ്മ ക്ഷീരോത്പ്പാദക സഹകരണ സംഘം | 181101 |
| തൊടിയൂർനോർത്ത്ക്ഷീരോത്പ്പാദക സഹകരണ സംഘം | 234315 |
| ക്ലാപ്പന കിഴക്ക് ക്ഷീരോത്പ്പാദക സഹകരണ സംഘം | 45176 |

| | |
|---|---|
| മണപ്പള്ളി തെക്ക് ക്ഷീരോത്പ്പാദക സഹകരണ സംഘം | 39462 |
| പുലിയൂർ വഞ്ചി വടക്ക് ക്ഷീരോത്പ്പാദക സഹകരണ സംഘം | 226510 |
| ഇടക്കുളങ്ങര ക്ഷീരോത്പ്പാദക സഹകരണ സംഘം | 48593 |
| ആകെ | 1972351 |

മേൽ വിഷയം സംമ്പന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 07 / 22.02.17) മറുപടിയായി സഹകരണ സംഘങ്ങൾ കാലിത്തീറ്റ വാങ്ങി കർഷകർക്ക് വിതരണം ചെയ്ത ബില്ലുകൾ സംഘങ്ങളിൽ സൂക്ഷിച്ചിട്ടുണ്ടെന്നും ആയത് പരിശോധനക്ക് വിധേയമാക്കാവുന്നതാണെന്നും അറിയിച്ചിട്ടുണ്ട് . ആയതിനാൽ പ്രസ്തുത ബില്ലുകൾ സംഘങ്ങളിൽ നിന്നും ശേഖരിച്ച പരിശോധനക്ക് ഹാജരാക്കേണ്ടാതാണ് .

## 3-11 യൂ പി എസ് - എ എം സി സർവീസ് സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല 11797/- രൂപ തടസ്സപ്പെടുത്തുന്നു.

ബ്ലോക്ക് പഞ്ചായത്തിലെ 2KVA IGA SG, 1KVA IGA SG യു.പി എസുകളുടെ എ എം സി ഒരു വർഷത്തേക്ക് 11797 (കണ്ടിജന്റ് ബിൽ നം- 19/15-16 തീയതി- 3/6/15)രൂപയ്ക്ക് ( 7303 +4494 ) (ഡി ഡി നം 87093/11/ 06/15) ) IGATECH Indusrial Electronics Pvt Ltd ന് നൽകിയിട്ടുണ്ട് . ബ്ളോക്ക് പഞ്ചായത്ത് സെക്രെട്ടറിയും IGATECH TECH Industrial Ltd ഉം തമ്മിൽ ഏർപ്പെട്ട കരാർ പ്രകാരം മൂന്ന്മാസത്തിലൊരിക്കൽ ഫ്രീയായി പ്രസ്തുത യൂ പി എസുകൾ സർവീസ് ചെയ്യാമെന്ന് വ്യവസ്ഥ ചെയ്യുന്നു.എന്നാൽ പ്രസ്തുത സർവീസ് സംബന്ധിച്ച യാതൊരു രേഖകളും ഓഡിറ്റിനു ഹാജരാക്കിയില്ല. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 27.02 .2017ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 12 നൽകിയെങ്കിലും മറുപടി ഹാജരാക്കിയില്ല. ആയതിനാൽ ഈയിനത്തിൽചെലവഴിച്ച 11797/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## **3-12** സമയപരിധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ലാത്ത മരാമത്ത് പ്രവൃത്തികൾ- പിഴ ഈടാക്കിയതിൽ കുറവ് നഷ്ടം **-83138/-**

2015-16 വർഷംനടപ്പിലാക്കിയ പല മരാമത്ത് പ്രവൃത്തികളും സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല.

കരാർ കാലാവധിയ്ക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിയ്ക്കുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണെന്നും കരാറുകാരന്റെ പിഴവ് നിമിത്തം പൂർത്തീകരണ കാലാവധി നീളുകയാണെങ്കിൽ പിഴ ചുമത്തി കാലാവധി ദീർഘിപ്പിച്ച് നൽകാമെന്നും അദ്യ ദീർഘിപ്പിക്കൽ കാലയളവ് നിശ്ചിതകാലാവധിയുടെ 25%ആണെന്നും, ഈടാക്കേണ്ട പിഴയുടെ നിരക്ക് കുറഞ്ഞത് 1000/-രൂപയും പരാമാവധി 50,000/-രൂപയും എന്ന പരിധിയ്ക്ക് വിധേയമായി PACയുടെ 1%ആണെന്നും പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നൽകാവുന്ന പരമാവധി സമയം കരാർ കാലയളവിന്റെ പകുതിയാണെന്നും ഈടാക്കേണ്ട പിഴയുടെ നിരക്ക് കുറഞ്ഞത് 2000/-രൂപയും പരാമാവധി1,00,000/-രൂപയും എന്നപരിധിയ്ക്ക് വിധേയമായി PACയുടെ 2%ആണെന്നും, 01.02.2012ലെ ജി.ഒ.(പി)നം.3/2012 /പി.ഡബ്ല്യു.ഡി.ഉത്തരവ് പ്രകാരമുള്ള കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ ഖണ്ഡിക 2112,2112.1 എന്നിവയിൽ വ്യക്തമാക്കിയിരിക്കെ, നിശ്ചിത കാലാവധിയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്നും നിയമാനുസൃതമുള്ള പിഴ ഈടാക്കിയിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോ. നം. പേര് | അംഗീ കരിച്ച കരാർ തുക | കരാറു കാരൻ/ കരാർ തീയതി/ പണി പൂർത്തീ കരി ക്കേണ്ട തീയതി | പൂർത്തീ കരിച്ച തീയതി | ബിൽനം./ തീയതി/ തുക | ഈടാ ക്കേണ്ട തുക | | | ഈടാ ക്കിയ തുക | ഈടാ ക്കാ നുള്ള തുക |
|---|---|---|---|---|---|---|---|---|---|
| | | | | | അദ്യ തവണ 1% | അദ്യ തവണയ്ക്കു ശേഷം 2% | ആകെ | | |
| നം-66/15-6 കളീക്കൽ- ചെറുകര- | 1054613.89 | no-23/15-16 /14-9-15 ഷാജഹാൻ | 16-3-16 | 23/15-16/ 23-3- | 10546 | 20192 | 31638 | 7254 | 24384 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| കുഴിക്കണ്ടം റോഡ് | | 13-12-15 | | 16<br>1045164 | | | | | |
| no-71/16<br>ഓച്ചിറ ജി.എച്ച് എസ്സ്-എസ്സ്.സി -ഐ റ്റി റോഡ്<br>പുനരുദ്ധാരണം | 433376/- | no-25-15-16-aee/dt 14-9-15<br>ഷാജ ഹാൻ<br>17-12-15 | 11-3-16 | 25/15-16<br>413632 | 4333 | 8667 | 13000 | 4182 | 8818 |
| no-65/16<br>ആനന്ദം ജം-മണ്ണടി ശ്ശേരി റോഡ് പുനരുദ്ധാരണം | 432845/ | no-22/15-16 dt<br>14-9-15<br>ഷാജ ഹാൻ<br>17-12-15 | 22-3-16 | 24-15-16<br>26-3-16<br>427981 | 4554 | 9109 | 13663 | 1970 | 11693 |
| no-67/16<br>പാട്ടത്തിൽ ജം -പറയ ണത്ത്<br>ജം റോഡ് മെറ്റലിംഗ് | 443167.46 | 24/15-16<br>dt.14-9-2015<br>ഷാജഹാൻ<br>13-12-15 | 22-3-16 | 28/15-16<br>dt.30-3-16<br>404989 | 4432 | 8863 | 13295 | 3105 | 10190 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| no-69/16 മാത്തിൽ മുക്ക്- അരി വെലിൽ മുക്ക് റോഡ് പുനരു ദ്ധാരണം | 935149 | No69/16 dt14-9-15 ശശിധ രൻ 13-1-16 | 11-3-16 | 20/15-16 dt14-9-15 929899 | 9351 | 18702 | 28053 | nil | 28053 |

ആകെ നഷ്ടം-83138/-രൂപ

മേൽ സൂചന അപാകതയിന്മേൽ വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറി നം 9/27-2-17 ന് മറുപടി നൽകിയിട്ടില്ല. നിയമാനുസൃത പിഴ കരാറുകാരിൽ നിന്നോ ഉത്തരവാദിയായ അസി.എക്സി.എഞ്ചിനീയറിൽ നിന്നോ ഈടാക്കി ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ മുതൽകൂട്ടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-13 <u>ഇ-ടെൻഡർ- ടെൻഡർ ഫോം വില എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്ന് തിരികെ ലഭ്യമാക്കിയിട്ടില്ല</u>

2014-15, 2015-16 വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികളുടെ ടെൻഡർ നടപടികൾ ഇ-ടെൻഡറിംഗ് മുഖേനയാണ് നടപ്പിലാക്കിയത് ഇപ്രകാരം ഇ–ടെൻഡറിംഗ് നടത്തുമ്പോൾ ടെൻഡർ ഫോം വില എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ ആണ് ഒടുക്ക് വരുത്തുന്നത്.14-15 വർഷം25പ്രവൃത്തികൾ ഇ-ടെൻഡർ മുഖേന നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ ടി പ്രവൃത്തികൾക്ക് ടെൻഡർ ഫോം വിലയിനത്തിൽ എത്ര രൂപ വരവ് വന്നിട്ടുണ്ടെന്നും ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി (നം6/18-2-17)ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് വ്യക്തമായ കണക്കുകൾ അസി എക്സി എൻജിനിയറുടെ ആഫീസിൽ ഇല്ല. ആയതിനാൽ പഞ്ചായത്തിന് അർഹമായ ടി തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല.. ടെൻഡർഫോം വിലയിനത്തിലുള്ള പ്രസ്തുത തുക തിരികെ ഈടാക്കുന്നതിന് വേണ്ട നടപടികൾ

സ്വീകരിക്കാത്ത പക്ഷം ടി തുക പഞ്ചായത്തിന് നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാകും ആയതിനാൽ ടിതുക തിരികെ ഈടാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

അല്ലാത്തപക്ഷം പ്രസ്തുത ഇനത്തിലെ നഷ്ടം അസി എക്സി. എൻജിനിയറുടെ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്.

15-16 വർഷം ടെൻഡർ ഫോം വിലയിനത്തിൽ ലഭിക്കാനുള്ള 183575/-രൂപ അനുവദിച്ച് തരുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അസി എക്സി. എൻജിനിയർ കത്ത് നം. ഡി-610/2016/AEE dt 27-02-2017 പ്രകാരം എക്സി. എൻജിനിയറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## 3-14 സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതികൾ നടപ്പിലാക്കി.

12-ാം പഞ്ചവത്സര പദ്ധതിയുടെ സബ്സിഡി മാനദണ്ഡങ്ങളും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ ജി.ഒ. (എം.എസ്)നമ്പർ 362/2013 dt 16-11-2013 പ്രകാരം കൈമാറിയ സ്ഥാപനങ്ങളുടെ അറ്റകുറ്റ പ്പണികൾ പുതുക്കി പണിയൽ, കുട്ടിച്ചേര്ക്കലുകൾ എന്നിവയ്ക്കും സാധന സാമഗ്രികൾ വാങ്ങുന്നതിനും ഒഴികെയുള്ള പദ്ധതികളും, മെയിന്റനൻസ് ഗ്രാന്റ് നോൻ – റോഡ് വിനിയോഗിച്ച് ചെയ്യുന്ന പ്രവൃത്തികൾക്കും ഒഴികെ അഞ്ച് ലക്ഷം രൂപായിൽ കുറവ് ചെലവ് വരുന്ന പദ്ധതികൾ ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടത്താൻ പാടില്ലാത്താതാണ്. എന്നാൽ ഇതിന് വിരുദ്ധമായി 14-15-ൽ നടപ്പിലാക്കിയ പദ്ധതികളിൽ 25 ഉം 15-16 ൽ 20 ഉം പദ്ധതികൾ 5 ലക്ഷത്തിൽ താഴെയുള്ളവയാണ് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

*2014-2015*

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഗ്രാമ | 2014-2015 | 2023607 | ഐ.എ.വൈ | 2023607 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | | | |
| ഗ്രാമ പഞ്ചായത്ത് | 2014-2015 | 1793772 | ഐ.എ.വൈ | 1793772 | 0 |
| ഗ്രാമ പഞ്ചായത്ത് | 2014-2015 | 1333522 | ഐ.എ.വൈ | 1333522 | 0 |
| ഗ്രാമ പഞ്ചായത്ത് | 2014-2015 | 940000 | ഐ.എ.വൈ | 940000 | 0 |
| ഗ്രാമ പഞ്ചായത്ത് | 2014-2015 | 320000 | ഐ.എ.വൈ | 320000 | 0 |
| ഗ്രാമ പഞ്ചായത്ത് | 2014-2015 | 160000 | ഐ.എ.വൈ | 160000 | 0 |
| ജില്ലാ പഞ്ചായത്ത് | 2014-2015 | 7165225 | ഐ.എ.വൈ | 7165225 | 0 |

2015-2016

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 2015-2016 | 1102881 | ഐ.എ.വൈ | 1102881 | 0 |
| ഗ്രാമ പഞ്ചായത്ത് | 2015-2016 | 240000 | ഐ.എ.വൈ | 240000 | 0 |
| ഗ്രാമ പഞ്ചായത്ത് | 2015-2016 | 280000 | ഐ.എ.വൈ | 280000 | 0 |
| ഗ്രാമ പഞ്ചായത്ത് | 2015-2016 | 866000 | ഐ.എ.വൈ | 866000 | 0 |
| ജില്ലാ പഞ്ചായത്ത് | 2015-2016 | 13321810 | ഐ.എ.വൈ | 13321810 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

2014-2015, 2015-2016 വർഷങ്ങളിൽ പഞ്ചായത്തിന് വായ്പയിനത്തിൽ 1533280/- രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

2014-2015

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഭവന നിർമാണം ഐ.എ.വൈ. | ജി.ഒ.(എം.എസ്)90/ബി/ എൽ.എസ്.ജി.ഡി, തീയതി, 14/03/2013. | 1533280 | 13930552 | 0 | 98237 | 15463832 |

2015-2016 വർഷം പഞ്ചായത്തിന് വരവ് ഇല്ല. തൻ വർഷം ചെലവും ഇല്ല. മുൻബാക്കിയായ 15463832/- രൂപ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നു.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

2015-2016

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയു | തൻ വർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|

| | | | ണ്ടായിരുന്ന തുക | | | തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഭവന നിർമ്മാണം ഐ.എ.വൈ. | ജി.ഒ.(എം.എസ്)90/ബി/ എൽ.എസ്.ജി.ഡി, തീയതി, 14/03/2013. | ----- | 15463832 | 0 | 112976 | 15463832 |

(മേൽ കണക്കുകൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. പഞ്ചായത്തിൽ നിന്നും ലഭ്യമായ കണക്കുകൾ വച്ചാണ് മേൽ ഖണ്ഡിക തയ്യാറാക്കിയിട്ടുള്ളത്.)

**4-5** സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

**4-6** ഓഡിറ്റ് റിക്കവറി

ഇല്ല

**4-7** സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-2003 | 3-1 | 2006-2007 | 3-12-1 | എഫ്.റ്റി.എസ്.സൂപ്പർ ആന്വേഷന് ശേഷം സർവീസിൽ തുടർന്നു. | - |

| | | | | | |
|---|---|---|---|---|---|
| 2012-2013 & 2013-2014 | 3(9) | 2014-2015 | 4-1-13 | നിഷ്ക്ക്രിയ ആസ്തി മെതിയന്ത്രം ഉപയോഗ ശൂന്യം | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

2014-2015

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 174562422 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 110167434 |
| വരവിനങ്ങളിലുള്ള നഷ്ടം | 14010 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 854500 |

2015-2016

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 184026782 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 114153800 |
| വരവിനങ്ങളിലുള്ള നഷ്ടം | 37500 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 83138 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3565715 |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

2014-2015

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 14010 | - | ശ്രീ.ഇ.അബ്ദുൾസലാം,സെക്രട്ടറി |

2015-2016

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 37500 | - | ശ്രീ.ഇ.അബ്ദുൾസലാം,സെക്രട്ടറി |
| 3-12 | - | 83138 | ശ്രീമതി.സജിത,<br>അസി.എക്സി.എഞ്ചിനിയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

2014-2015

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ<br>ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1(1) | 600000 | ഡോ.നീതു ജലീൽ,<br>മെഡിക്കൽ ഓഫീസർ,<br>സി.എച്ച്.സി |
| 3-2 | 250000 | ശ്രീമതി.ജെസി മാനറ്റ്,<br>ശിശുവികസന ഓഫീസർ,ഓച്ചിറ |
| 3-6 | 4500 | ശ്രീമതി.ശ്രീകുമാരി,<br>കൃഷി അസി.ഡയറക്ടർ |

2015-2016

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| | | ഉദ്യോഗപ്പേരും |
|---|---|---|
| 3-1(2) | 285579 | ഡോ.നീതു ജലീൽ,<br>മെഡിക്കൽ ഓഫീസർ,<br>സി.എച്ച്.സി |
| 3-1(3) | 68939 | ഡോ.നീതു ജലീൽ,<br>മെഡിക്കൽ ഓഫീസർ,<br>സി.എച്ച്.സി |
| 3-3 | 179400 | ശ്രീമതി.ഷിബില.ജെ,<br>ശിശുവികസന ഓഫീസർ,ഓച്ചിറ |
| 3-5 | 70400 | ശ്രീ.കെ.സുരേന്ദ്രൻ,<br>ജനറൽഎക്സ്റ്റൻഷൻ ഓഫീസർ |
| 3-7 | 300000 | ശ്രീ.ജോഷ്വാ ശ്രീ.ബെന്നറ്റ്<br>ജോൺ, ഐ.ഇ.ഒ |
| 3-8 | 1035000 | ശ്രീ.ഷാജി.എം., ഡയറി<br>എക്സ്റ്റൻഷൻ ഓഫീസർ |
| 3-11 | 11797 | ശ്രീ.ഇ.അബ്ദുൾസലാം,സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക | സ്ഥിരം മേൽവിലാസം |
|---|---|---|

| | മേൽവിലാസം | |
|---|---|---|
| ശ്രീ.ഇ.അബ്ദുൾസലാം, സെക്രട്ടറി | _ | ആഷിക് മൻസിൽ,<br>പുന്നക്കുളം പി.ഒ.,<br>കെ.എസ്.പുരം |
| ശ്രീമതി.സജിത,<br>അസി.എക്സി.എഞ്ചിനിയർ | _ | ഫിർദ്ദൗസ്,<br>സി.റ്റി.ജംഗ്ഷന് സമീപം,<br>റ്റി.കെ.എം.സി.പി.ഒ.,<br>കരിക്കോട്,കൊല്ലം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-1996<br>1996-1997<br>1997-1998 | എൽ.എഫ്.ക്യൂ.ഡി.ബി-1522(12)/2014, തീയതി 30-6-14 |
| 1998-1999 | എൽ.എഫ്.ക്യൂ.ഡി.ബി-1522(11)/2014, തീയതി 30-6-14 |
| 2000-2001 | എൽ.എഫ്.ക്യൂ.ഡി.ബി-1522(10)/2014, തീയതി 5-7-14 |
| 2002-2003 | എൽ.എഫ്.ക്യൂ.ഡി.ബി-1522(9)/2014, തീയതി 5-7-14 |
| 2005-2006 | എൽ.എഫ്.ക്യൂ.ഡി.ബി-1522(6)/2014, തീയതി 5-7-14 |
| 2006-2007 | എൽ.എഫ്.ക്യൂ.ഡി.ബി-1522(5)/2014, തീയതി 5-7-14 |
| 2007-2008 | എൽ.എഫ്.ക്യൂ.ഡി.ബി-1522(4)/2014, തീയതി 5-7-14 |
| 2008-2009 | എൽ.എഫ്.ക്യൂ.ഡി.ബി-1522(3)/2014, തീയതി 30-6-14 |
| 2009-2010 | എൽ.എഫ്.ക്യൂ.ഡി.ബി-1522(2)/2014, തീയതി 30-6-14 |
| 2010-2011 | എൽ.എഫ്.ക്യൂ.ഡി.ബി-1522(1)/2014, തീയതി 30-6-14 |
| 2011-2012 | എൽ.എഫ്.ക്യൂ.ഡി.ബി-947/2014,തീയതി 3-7-14 |

| | |
|---|---|
| 2012-2013<br>&<br>2013-2014 | എൽ.എഫ്.ക്യൂ.ഡി.ബി-2377/14തീയതി23-5-15 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

## 4-10 ഓഡിറ്റ് സാക്ഷ്യപത്രം(2014-2015)

നം.കെ.എസ് .എ-കെ.എൽ .എം.ഡിബി.518/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി –28/03/2017

സാക്ഷ്യപത്രം 2014-2015

1994-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ

അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15 ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാഓഡിറ്റ് കാര്യാലയം,

കൊല്ലം.

## 4-11 ഓഡിറ്റ് സാക്ഷ്യപത്രം(2015-2016)

നം.കെ .എസ് .എ-കെ .എൽ .എം. ഡിബി.518/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി –28/03/2017

## സാക്ഷ്യപത്രം 2015-2016

1994-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാഓഡിറ്റ് കാര്യാലയം,

കൊല്ലം